## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

# അനധികൃത കെട്ടിടങ്ങൾ ക്രമപ്പെടുത്തുവാനുള്ള സമയപരിധി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1651 — 5.02.19- ൽ മറുപടി നല്കേണ്ടത്

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | മറുപടി<br>എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | അനധികൃത കെട്ടിടങ്ങൾ പിഴ-യടച്ച് ക്രമപ്പെടുത്തുവാനുള്ള സമയപരിധി നീട്ടി നിശ്ചയി-ച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് പഞ്ചായത്തുകളിലും നഗരസഭകളിലും അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിയ്ക്കുന്നതിനുള്ള അപേക്ഷ സമർപ്പിയ്ക്കാനുള്ള സമയപരിധി യഥാക്രമം 30/11/2018-ലെ സ.ഉ.(അ) നം.88/2018/തസ്വഭവ, സ.ഉ.(അ) നം.89/2018/തസ്വഭവ ഉത്തരവുകൾ പ്രകാരം 31/03/2019 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ക്രമപ്പെടുത്തിയ കെട്ടിടങ്ങൾ പിഴയടച്ചത് വഴി സർക്കാരിലേക്ക് ഇതുവരെ ലഭിച്ച തുകയെത്രയെന്ന് അറിയിക്കാമോ; | (ബി) | പഞ്ചായത്ത് പ്രദേശങ്ങളിലുള്ള കെട്ടിടങ്ങളുടെ ക്രമവത്ക്കരണത്തിലൂടെ 92,87,145/- രൂപയും നഗരസഭാ പ്രദേശങ്ങളിലെ കെട്ടിടങ്ങളുടെ ക്രമവത്ക്കരണം മൂലം 2,82,93,177/- രൂപയും ലഭ്യമായിട്ടുണ്ട്. |
| (സി) | പിഴയടച്ച് ക്രമപ്പെടുത്തുന്ന-തിനുള്ള സമയപരിധി എത്ര പ്രാവശ്യം നീട്ടി നൽകിയെന്നും ഇതിന് ആധാരമായ സാഹചര്യമെന്തെന്നും അറിയിക്കാമോ? | (സി) | രണ്ടു പ്രാവശ്യം നീട്ടി നല്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ അപേക്ഷകളും നിവേദനങ്ങളും പരിഗണിച്ചാണ് നീട്ടി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ